**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1527** **07-10-2021 - ൽ മറുപടിയ്ക്ക്**

**കൊല്ലം തുറമുഖത്തിലെ ചരക്ക് കയറ്റിറക്കുമതി കൂലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം തുറമുഖത്തിലെ ചരക്ക് കയറ്റിറക്കുമതി കൂലി ഏകീകരിക്കുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണ്; തീരദേശ കപ്പൽ ഗതാഗത സർവ്വീസ് ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ കയറ്റിറക്കുമതി കൂലി അടിയന്തരമായി ഏകീകരിച്ച് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | മറുപടി അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

കൊല്ലം തുറമുഖത്തെ കയറ്റിറക്ക് കൂലിയുമായി ബന്ധപ്പെട്ട് 18/08/2020-ൽ കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽ ഫെയർ ബോർഡ് ജില്ലാ കമ്മറ്റി ഓഫീസിൽ വച്ച് നടത്തിയ ചർച്ചയിൽ കണ്ടെയ്നറുകൾക്ക് താഴെപറയുന്ന പ്രകാരം കൂലി നിശ്ചയിച്ച് തീരുമാനമായിട്ടുണ്ട്.

| | കയറ്റ് – ഇറക്ക് | കാലി കയറ്റ് – കാലി ഇറക്ക് |
|---|---|---|
| കണ്ടെയ്നർ 1-ന് (20 അടി) | 350/- (ലെവി ഉൾപ്പെടെ) | 330/-(ലെവി ഉൾപ്പെടെ) |
| കണ്ടെയ്നർ 1-ന് (40 അടി) | 420/-(ലെവി ഉൾപ്പെടെ) | 400/- (ലെവി ഉൾപ്പെടെ) |

ടി കൂലിക്ക് 18/8/2020 മുതൽ 17/11/2021 വരെ കാലാവധി ഉണ്ട്. കണ്ടെയ്നർ ഒഴികെയുള്ള മറ്റ് ചരക്കുകളുടെ കയറ്റിറക്ക് നിരക്ക് സംബന്ധിച്ച് ധാരണയിലെത്തിയിട്ടില്ല.